**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. രാമകൃഷ്ണൻ, അക്കൗണ്ടന്റ് ശ്രീ. കെ.വി. രാധാകൃഷ്ണൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2098/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/07/2018**

---

**പരാമർശം:-** 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 12.08.2011-ലെ ഇ3 (എസ് സി 05/2011/പിടിഎ)11543/2011നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 23.09.2011-ലെ 8778/ഡി3/2011/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 02.12.2011-ലെ 53578/ഇപിബി2/2011/തസ്വഭവ നമ്പർ കുറ്റപത്രം

4 സെക്രട്ടറി ശ്രീ. എസ്. രാമകൃഷ്ണൻ, അക്കൗണ്ടന്റ് ശ്രീ. കെ.വി. രാധാകൃഷ്ണൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 31.05.2014, 22.09.2016 എന്നീ തീയതികളിലെ ഡി6-329/12 നമ്പർ കത്തുകൾ

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്തിലെ മത്സ്യ മാർക്കറ്റ് ലേലം ചെയ്യുന്നതിലെ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. മിന്നൽപ്പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. പഞ്ചായത്ത് സെക്രട്ടറി ശ്രീ. രാമകൃഷ്ണൻ 30/5/2011-ൽ 11 മണിമുതൽ 1.15 വരെ ഓഫീസിൽ അനധികൃതമായി ഹാജരാകാതിരിക്കുകയും ഉത്തരവാദിത്തപ്പെട്ട മറ്റുദ്യോഗസ്ഥർ ഈ സമയത്ത് ഓഫീസിൽ ഇല്ലാതിരിക്കുകയുമുണ്ടായി.

2. ലേല ഡയറി/ ക്വട്ടേഷൻ ഫയൽ പരിശോധിച്ചതിൽനിന്നും മത്സ്യമാർക്കറ്റ് ലേലത്തിനായി 3 വ്യക്തികൾ പങ്കെടുത്തിരുന്നുവെന്നും ഉയർന്ന തുക രേഖപ്പെടുത്തിയ ശ്രീ. ഷെരീഫിനാണ് ലേലം നല്കിയതെന്നും കണ്ടു. ലേലത്തിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി 17/41933 നമ്പർ രസീത് മുഖേനെ ടിയാനിൽ നിന്ന് നിതരദ്രവ്യമായി 5,000/- രൂപ കൈപ്പറ്റിയിരുന്നു. നിതരദ്രവ്യ രജിസ്റ്റർ അക്കൗണ്ടന്റ് ശ്രീ. കെ.വി. രാധാകൃഷ്ണന്റെ കൈവശമായിരുന്നു. ശ്രീ. രാധാകൃഷ്ണൻ അന്നത്തെ ദിവസം അവധിയിലായിരുന്നതിനാൽ ടി രജിസ്റ്റർ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. പഞ്ചായത്ത് വക പ്രൈവറ്റ് ബസ്സ്റ്റാന്റിൽ ബസ്സുകളിൽനിന്ന് ടാക്സ് പിരിക്കുന്നതിനുള്ള

ലേലത്തിനെതിരെ ശ്രീ. ഉദയചന്ദ്രൻ ബഹു. ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തിരുന്നു. ടി ലേലം 21/2/2011 നാണ് നിശ്ചയിച്ചിരുന്നതെങ്കിലും 18/2/2011 ലെ ഇടക്കാല വിധിയിലൂടെ ടി ലേലം confirm ചെയ്യരുതെന്ന് ഉത്തരവായിരുന്നു. ടി ഒ.പി. കോടതി 26/4/2011ന് തീർപ്പാക്കിയിരുന്നെങ്കിലും പരാതിക്കാരന് മടക്കി നല്കേണ്ട നിരതദ്രവ്യം 28/5/2011 വരെ മടക്കി നല്കാതെ പഞ്ചായത്ത് സെക്രട്ടറിയും അക്കൗണ്ടന്റും അനാവശ്യമായ കാലതാമസം വരുത്തി.

ടി വീഴ്ചകൾക്കുത്തരവാദികളായ പന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. രാമകൃഷ്ണൻ, അക്കൗണ്ടന്റ് ശ്രീ. കെ.വി. രാധാകൃഷ്ണൻ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥർക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷയുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ആകസ്മിക പരിശോധനാ സമയത്ത് 11 മണി മുതൽ 1 മണിവരെ സെക്രട്ടറിയോ മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നു എന്ന ആരോപണം സംബന്ധിച്ച് ശ്രീ. എസ്. രാമകൃഷ്ണൻ നല്കിയ പ്രതിവാദപത്രികയിൽ ഓഫീസിലെ ഒരു ജീവനക്കാരിയുടെ ഭർതൃപിതാവിന്റെ മരണത്തിന് പോയത് മൂലമാണ് ഇത് സംഭവിച്ചതെന്നും അതിനാൽ ഇതൊരു വീഴ്ചയായി കണക്കാക്കരുതെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ചതിൽ ഓഫീസ് സമയത്ത് ഓഫീസിൽ ഹാജരാകാതിരുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ നിയമപരമായ വീഴ്ചയാണെന്നുംഎന്നാൽ മരണത്തിന് പോയി എന്നത് വാസ്തവമാണെന്ന് അന്വേഷണത്തിൽ മനസ്സിലാക്കുന്നുവെന്നും അതിനാൽ മാനുഷിക പരിഗണന നല്കി ഇക്കാര്യത്തിൽ മാപ്പ് നല്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ EMD രജിസ്റ്റർ പരിശോധനാ സമയത്ത് ഹാജരാക്കിയില്ല എന്ന രണ്ടാമത്തെ ആരോപണം സംബന്ധിച്ച് പരിശോധിച്ചതിൽ EMD യും മറ്റ് മുൻകുറുകളും സൂക്ഷിക്കേണ്ട രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നുവെങ്കിലും അത് അക്കൗണ്ടന്റായ ശ്രീ. രാധാകൃഷ്ണന്റെ കൈവശത്തായിരുന്നുവെന്നും നിയമാനുസരണം ഈ രജിസ്റ്ററിന്റെ സൂക്ഷിപ്പുകാരൻ അക്കൗണ്ടന്റാണെന്നും ശ്രീ. രാധാകൃഷ്ണൻ അന്നേദിവസം ആകസ്മികാവധിയിലായിരുന്നുവെന്നും പരാതിക്കാരനായ ശ്രീ. ഷാഹുൽ ഹമീദ് 29/3/2011-ൽ ഫിഷ് സ്റ്റാൾ ലേലത്തിൽ പങ്കെടുക്കുന്നതിന് 5000/- രൂപ EMD കെട്ടിവച്ചിരുന്നത് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടുണ്ടായിരുന്നു എന്നും ഈ വിവരങ്ങൾ പിറ്റേ ദിവസം വിജിലൻസിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്ന എതിർവാദപത്രികയിലെ പരാമർശം പരിശോധനയിൽ വാസ്തവമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. രാമകൃഷ്ണനെതിരായ മൂന്നാമത്തെ കുറ്റം ശ്രീ. ഷാഹുൽഹമീദ് ലേലവുമായി ബന്ധപ്പെട്ട് 29/3/11-ൽ EMD തുക 5000/- രൂപ തിരികെ കിട്ടാൻ അപേക്ഷിച്ചത് യഥാസമയം തിരികെ കൊടുക്കാതെ അനാവശ്യമായ കാലതാമസം ഉണ്ടാക്കി എന്നതാണ്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് 26/4/2011 ൽ തീർപ്പാക്കിയെങ്കിലും EMD തിരികെ കൊടുക്കാൻ 28/5/11 വരെ കാലതാമസമുണ്ടായി എന്നതാണ്. ഇതിന് ശ്രീ. രാമകൃഷ്ണൻ നല്കിയ മറുപടി 26/4/11-ൽ വിധി ഉണ്ടായിയെങ്കിലും 25/5/11 ൽ മാത്രമാണ് വിധി പകർപ്പ് ലഭിച്ചതെന്നും വിധി പകർപ്പ് ലഭിച്ച് 3 ദിവസത്തിനകം അതായത് 28/5/11 ൽ പന്തളം DCB യിലെ ചെക്ക് നമ്പർ 126361 പ്രകാരം നല്കിയിട്ടുണ്ടെന്ന് പറഞ്ഞിരുന്നുവെന്നും ഇക്കാര്യം ഡിപ്പോസിറ്റ് രജിസ്റ്ററിലെ പേജ് നമ്പർ 9 8 ൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിജിലൻസ് അധികൃതർ 30.05.2011-ൽ പന്തളം ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തിയപ്പോൾ അക്കൗണ്ടന്റായ ശ്രീ. കെ.വി. രാധാകൃഷ്ണൻ ടി ദിവസം കാഷ്വൽ അവധിയിലായിരുന്നുവെന്നും ഇക്കാര്യം മേൽ ഉദ്യോഗസ്ഥനായ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, ഹാജർ രജിസ്റ്റർ പരിശോധിച്ചതിൽ അന്നേ ദിവസം കാഷ്വൽ ലീവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാഷ്വൽ അവധി കഴിഞ്ഞതിന്റെ പിറ്റേ ദിവസം വിജിലൻസ് മുമ്പാകെ ഹാജരാക്കിയിരുന്നുവെന്നും, രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിശദീകരണം ശരിയാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ലേലവുമായി ബന്ധപ്പെട്ട കേസ് സംബന്ധിച്ച ബഹു.ഹൈക്കോടതിയുടെ വിധിപകർപ്പ് 25/5/11 ൽ ലഭിച്ചയുടൻ 28/5/11 ൽ തന്നെ തിരികെ നല്കി എന്ന ശ്രീ. രാധാകൃഷ്ണന്റെ വാദം വാസ്തവമാണെന്ന് കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും സെക്രട്ടറി ശ്രീ. എസ്. രാമകൃഷ്ണൻ, അക്കൗണ്ടന്റ് ശ്രീ. കെ.വി. രാധാകൃഷ്ണൻ എന്നിവർ ക്രമക്കേടുകൾ നടത്തിയിട്ടില്ലായെന്നു വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ പന്തളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രാമകൃഷ്ണൻ, അക്കൗണ്ടന്റ് ശ്രീ. കെ.വി. രാധാകൃഷ്ണൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ കുറ്റക്കാരല്ലയെന്നു കണ്ടു തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. എസ്. രാമകൃഷ്ണൻ, മുൻ സെക്രട്ടറി, പന്തളം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ. കെ.വി. രാധാകൃഷ്ണൻ, അക്കൗണ്ടന്റ്, പന്തളം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. [illegible]

7. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

8. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/10/2017/വിജി. തീയതി 02.05.2018 പ്രകാരം)

9. വെബ് & ന്യൂമീഡിയ, സൗത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/488/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ